ഉത്തരം

(എ) 2908.

(ബി) ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ, ട്രാഫിക് നിയന്ത്രണവും ക്രമീകരണവും, ആഘോഷാവളകളിൽ ബന്തവസ് ഡ്യൂട്ടി, പൊതു പരിപാടികളിലെ ബന്തവസ്സ് ഡ്യൂട്ടി, പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനം സിവിൽ ഡിഫൻസ് ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പ്രവർത്തനം, പോലീസ് കോൺസ്റ്റബിൾ സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി, പ്രൊട്ടാൾ അസിസ്റ്റന്റ്, കമ്മ്യൂണിറ്റി പോലീസിംഗ്, കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഡ്യൂട്ടി എന്നീ ചുമതലകളാണ് ഹോംഗാർഡുകളെ ഏൽപ്പിക്കുന്നത്.

(സി) അതാത് ബന്ധപ്പെട്ട ഓഫീസർമാർ ഹോംഗാർഡുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

(ഡി) ഇല്ല.

പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസുകൾ

24 (1765) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസിന്റെ മനുഷ്യാവകാശ ലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഹൈടെക് ക്രൈം സെൽ

25 (1766) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെക് കേസുകൾ അന്വേഷിക്കുന്നതിനായി ഹൈടെക് ക്രൈം സെൽ തുടങ്ങിയശേഷം ഇതുവരെ എത്ര ഹൈടെക് കേസുകൾ ഈ സെല്ലിന്റെ കീഴിൽ അന്വേഷണം നടത്തി ;

LIBRARY ARCHIVES Kerala Legislative Assembly